പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 336 — 25.06.2013 -ൽ മറുപടിക്ക്

## ശബരി റെയിൽപാതയുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സാജുപോൾ :<br>" കെ. രാധാകൃഷ്ണൻ :<br>" കെ. സുരേഷ് കുറുപ്പ് :<br>" പി. കെ. ഗുരുദാസൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | ശബരി റെയിൽപാതയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും | ശബരി റെയിൽപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് അങ്കമാലി - കാലടി സെക്ഷനിലെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായിട്ടുണ്ട്. എർത്ത് വർക്കും, ചെറിയ പാലങ്ങളുടെ നിർമ്മാണവും പുരോഗതിയിലാണ്. അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ എറണാകുളം ജില്ലയിലെ സ്ഥലമെടുപ്പു സംബന്ധിച്ച് തർക്കങ്ങൾ ഒന്നും തന്നെ ഇല്ലാത്തതാണ്. എന്നാൽ കോട്ടയം, ഇടുക്കി ജില്ലകളിൽ തർക്കം നിലനിന്നിരുന്നു. ഇതിൽ ഇടുക്കി ജില്ലയിലെ അലൈൻമെന്റ് സംബന്ധിച്ച തർക്കം ഓവർബ്രിഡ്ജ്, അണ്ടർബ്രിഡ്ജ്, ടണൽ എന്നിവ ഉപയോഗിച്ച് പരിഹരിക്കാവുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.<br>കോട്ടയം ജില്ലയിലെ അലൈൻമെന്റ് സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളുമായി കോട്ടയം ജില്ലാ കളക്ടർ ചർച്ച ചെയ്ത് പ്രസ്തുത ജനപ്രതിനിധികളുടെ സമ്മതത്തോടുകൂടി ഒരു റൂട്ടുമാപ്പ് തയ്യാറാക്കി റെയിൽവേക്ക് കൈമാറിയിട്ടുള്ളതാണ്. അതനുസരിച്ച് വിശദമായ സാങ്കേതിക പഠനം നടത്തി ഒരു ഫൈനൽ അലൈൻമെന്റും എസ്റ്റിമേറ്റും തയ്യാറാക്കി റെയിൽവേ ബോർഡിന്റെ അംഗീകാരം |
| (ബി) | പ്രസ്തുത പാതയുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിലും സ്ഥലം ഏറ്റെടുക്കുന്നതിലും ഇപ്പോൾ അനുഭവപ്പെടുന്ന അനിശ്ചിതത്വത്തിന് കാരണം എന്താണെന്നും ഇത് പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വിശദമാക്കുമോ ; | | |

| | | | |
|---|---|---|---|
| | | | വാങ്ങി സർക്കാരിൽ നൽകുന്നതിന് റെയിൽവേ ആറു മാസത്തെ സാവകാശം ആവശ്യപ്പെട്ടിട്ടുള്ളതാണ്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24.06.2011, 14.07.2011, 19.02.2013, 14.05.2013 എന്നീ തീയതികളിൽ ബന്ധപ്പെട്ട ജനപ്രതിനിധികളുടെ യോഗങ്ങൾ വിളിച്ചുകൂട്ടി പ്രശ്ന പരിഹാരം തേടിയിട്ടുള്ളതുമാണ്. |
| (സി) | റെയിൽവേ ബജറ്റിൽ ഇതിനായി നീക്കിവച്ച ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചു എന്ന് വ്യക്തമാക്കാമോ; | (സി) | ഭൂമി ഏറ്റെടുക്കൽ, എർത്ത് വർക്ക്, ചെറിയ പാലങ്ങളുടെ നിർമ്മാണം എസ്റ്റാബ്ലിഷ്മെന്റ് ചാർജ് എന്നീ കാര്യങ്ങൾക്കായി ഭാഗികമായി വിനിയോഗിച്ചു. |
| (ഡി) | ശബരി റെയിൽപാതയുടെ അലൈൻമെന്റ് അന്തിമമായി തീരുമാനിക്കുന്നതിന് സർവ്വകക്ഷിയോഗം ഉടനടി വിളിച്ചു ചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) | എറണാകുളം ജില്ലയിലെ അലൈൻമെന്റിനെ സംബന്ധിച്ച് തർക്കങ്ങളൊന്നും തന്നെ ഇല്ല.<br>കോട്ടയം ജില്ലയിലെ അലൈൻമെന്റ് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന തർക്കം ബന്ധപ്പെട്ട ജനപ്രതിനിധികളുമായി കോട്ടയം ജില്ലാ കളക്ടർ ചർച്ച ചെയ്ത് പ്രസ്തുത ജനപ്രതിനിധികളുടെ സമ്മതത്തോടുകൂടി ജില്ലാ കളക്ടർ സമർപ്പിച്ച പുതുക്കിയ അലൈൻമെന്റ് 14.05.2013 -ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അന്തിമമായി അംഗീകരിച്ചിട്ടുള്ളതാണ്.<br>പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ, കോട്ടയം, ജനപ്രതിനിധികളുടെ സമ്മതത്തോടു കൂടി ഒരു റൂട്ടുമാപ്പ് തയ്യാറാക്കി റെയിൽവേക്ക് കൈമാറിയിട്ടുള്ളതാണ്. അതനുസരിച്ച് വിശദമായ സാങ്കേതിക പഠനം നടത്തി ഒരു ഫൈനൽ അലൈൻമെന്റും എസ്റ്റിമേറ്റും തയ്യാറാക്കി റെയിൽവേ ബോർഡിന്റെ |

| | | | |
|---|---|---|---|
| | | | അംഗീകാരം വാങ്ങി സർക്കാരിൽ നൽകുന്നതിന് റെയിൽവേ ആറു മാസത്തെ സാവകാശം ആവശ്യപ്പെട്ടിട്ടുള്ളതാണ്. |
| (ഇ) | ഇതുസംബന്ധിച്ച് നടന്നിട്ടുള്ള ചർച്ചകളിൽ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ നിലവിലുള്ള അലൈൻമെന്റിൽ കാതലായ ഭേദഗതികൾ വേണമെന്ന് ആവശ്യപ്പെട്ടിരുന്നു ; | (ഇ) | കോട്ടയം ജില്ലയിലെ പൂഞ്ഞാർ, പാലാ, കാഞ്ഞിരപ്പള്ളി നിയമസഭാ മണ്ഡലങ്ങളിലെയും കോട്ടയം, പത്തനംതിട്ട പാർലമെന്റ് മണ്ഡലങ്ങളിലെയും ജനപ്രതിനിധികളാണ് നിലവിലുള്ള അലൈൻമെന്റിൽ കാതലായ ഭേദഗതികൾ വേണമെന്ന് ആവശ്യപ്പെട്ടിരുന്നത്. |
| (എഫ്) | പ്രസ്തുത ഭേദഗതി നിർദ്ദേശത്തിൽ റെയിൽവേയുടെ അഭിപ്രായം എന്തായിരുന്നു എന്ന് വിശദമാക്കാമോ ? | (എഫ്) | കോട്ടയം ജില്ലയിലെയും, ഇടുക്കി ജില്ലയിലെയും അലൈൻമെന്റിനെ സംബന്ധിച്ചാണ് തർക്കം നിലനിന്നിരുന്നത്.<br>ഇതിൽ ഇടുക്കി ജില്ലയിലെ അലൈൻമെന്റ് സംബന്ധിച്ച തർക്കം ഓവർബ്രിഡ്ജ്, അണ്ടർബ്രിഡ്ജ്, ടണൽ എന്നിവ ഉപയോഗിച്ച് പരിഹരിക്കാവുന്നതാണെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.<br>കോട്ടയം ജില്ലയിലെ അലൈൻമെന്റ് സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളുമായി കോട്ടയം ജില്ലാ കളക്ടർ ചർച്ച ചെയ്ത് പ്രസ്തുത ജനപ്രതിനിധികളുടെ സമ്മതത്തോടുകൂടി ഒരു റൂട്ടുമാപ്പ് തയ്യാറാക്കി റെയിൽവേക്ക് കൈമാറിയിട്ടുള്ളതാണ്. അതനുസരിച്ച് വിശദമായ സാങ്കേതിക പഠനം നടത്തി ഒരു ഫൈനൽ അലൈൻമെന്റും എസ്റ്റിമേറ്റും തയ്യാറാക്കി സർക്കാരിൽ നൽകുന്നതിന് റെയിൽവേ ആറു മാസത്തെ സാവകാശം ആവശ്യപ്പെട്ടിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ